بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**10-07-2026**

# ഉദാരമനസ്കനായ മഹ്ദീമസീഹ്(അ)

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്തതിനു ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) ഇപ്രകാരം അരുളി:

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവചരിത്രം വിവരിച്ചുകൊണ്ട് എഴുതുന്നു: ഔദാര്യത്തിന്റെയും ദാനശീലത്തിന്റെയും മറ്റൊരു വശം കൂടി അങ്ങയുടെ ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു. മറ്റുള്ളവർക്കായി ശുപാർശ ചെയ്യുന്ന രൂപത്തിലുള്ളതായിരുന്നു അത്. ചിലപ്പോഴൊക്കെ വാഗ്ദത്ത മസീഹിന്റെ സന്നിധിയിൽ ചിലർ വരാറുണ്ടായിരുന്നു, അവരുടെ ആവശ്യം നിറവേറ്റുക അങ്ങയുടെ കഴിവിൽ പെട്ടതായിരുന്നില്ല, മറ്റുള്ളവർക്കേ അതിനു സാധിച്ചിരുന്നുള്ളൂ. അത്തരം സാഹചര്യങ്ങളിൽ, സ്വന്തം ആവശ്യങ്ങൾക്കായി ഒരിക്കൽ പോലും ആവശ്യം ഉന്നയിച്ചിട്ടില്ലാത്തവരോട് ഇങ്ങനെ ആവശ്യം ഉന്നയിക്കുന്നവരുടെ ഗുണത്തിനായി ശുപാർശ ചെയ്യാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ ജമാഅത്തിന്റെ ബദ്ധവൈരിയായിരുന്ന മിർസ ഇമാമുദ്ദീൻ സാഹിബ് വാഗ്ദത്ത മസീഹിന്റെ (അ)ന്റെ കുടുംബത്തോട് കടുത്ത ശത്രുത വച്ചു പുലർത്തിയിരുന്നു. എന്നാൽ ലൗകിക കാര്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അയാളുടെ ശത്രുതയെ എപ്പോഴും അവഗണിക്കുകയാണ് ചെയ്തിരുന്നത്. അതായത്, അയാളോട് നല്ല നിലയിലേ പെരുമാറിയിരുന്നുള്ളൂ. അയാൾ പലപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ് (അ)ൽ നിന്ന് സാമ്പത്തിക സഹായങ്ങൾ കൈപ്പറ്റാറുണ്ടായിരുന്നു; ഈ ഉപകാരങ്ങൾ ലഭിച്ചിട്ടു കൂടി അയാൾ ശത്രുതയിൽ തന്നെ തുടർന്നു പോരുകയും ചെയ്തു.

ഒരിക്കൽ അയാൾക്ക് ഒരു കുതിരയെ വിൽക്കേണ്ടതായി വന്നു. അതിനായി അയാൾ കണ്ടെത്തിയ ഏറ്റവും നല്ല മാർഗ്ഗം, ആ കുതിരയെ ജമ്മുവിലേക്ക് കൊണ്ടുപോവുകയും അവിടെ ഹദ്റത്ത് ഹകീമുൽ ഉമ്മത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വഴി അതിനെ സമർപ്പിക്കുകയുമാണ്; അതുവഴി അതിന് നല്ലൊരു തുക പ്രതിഫലമായി ലഭിക്കുമെന്നും അയാൾ കരുതി. ഇത് മനസ്സിൽ വെച്ചുകൊണ്ട് ഹദ്റത്ത് ഹകീമുൽ ഉമ്മത്തിന്റെ പേരിൽ തനിക്കൊരു ശുപാർശക്കത്ത് എഴുതിത്തരേണമെന്ന് അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് നേരിട്ട് അപേക്ഷിച്ചു: അവിടുന്ന് അയാളുടെ ആ അപേക്ഷയെ നിരസിച്ചില്ല എന്ന് മാത്രമല്ല, യാതൊരുവിധ മടിയും കൂടാതെ ഹദ്റത്ത് മൗലവി സാഹിബ് (റ)ന്റെ പേരിൽ ഒരു ശുപാർശക്കത്ത് നൽകുകയും ചെയ്തു.

മിർസ അഹ്മദ് ബേഗ് ഹോഷിയാർപൂരിയുടെ മകൻ മിർസ മുഹമ്മദ് ബേഗിന്റെ കുടുംബം കടുത്ത നിർമതരും ജമാഅത്തിന്റെ ശത്രുക്കളുമായിരുന്നതിനാൽ, അവരുടെ കുടുംബവുമായി വാഗ്ദത്ത മസീഹിന്(അ)ഉള്ള ബന്ധം സുഖകരമായിരുന്നില്ല. ജമ്മുവിൽ ഒരു ജോലി നേടാൻ മിർസ മുഹമ്മദ് ബേഗ് ആഗ്രഹിച്ചു. അങ്ങനെ തന്നെ സഹായിക്കുന്നതിനായി ഹദ്റത്ത് ഹക്കീമുൽ ഉമ്മത്ത് (റ)ന്റെ പേരിൽ ഒരു ശുപാർശക്കത്ത് നൽകണമെന്ന് ഹസൂർ (അ)നോട് അദ്ദേഹം അപേക്ഷിക്കുകയും ചെയ്തു.

അവിടുന്ന് യാതൊരു മടിയും കൂടാതെ ഇപ്ര കാരം ഒരു കത്തെഴുതി നൽകി: *ഇദ്ദേഹത്തിന്റെ പിതാവ് എന്നോട് കടുത്ത ശത്രുത പുലർത്തുന്ന യാളാണെങ്കിലും അതിൽ യാതൊരു കുഴപ്പവു മില്ല; അവരുടെ കാഠിന്യത്തിന് പകരമായി സൗമ്യത അവലംബിച്ചുകൊണ്ട്, തിന്മയെ ഏറ്റവും നല്ല നന്മകൊണ്ട് പ്രതിരോധിക്കുക എന്ന ഖുർആനിക കല്പനയുടെ പുണ്യം കരസ്ഥമാക്കാവുന്നതാണ്. അതിനാൽ ഇദ്ദേഹത്തെ സഹായിക്കുകയും പോലീസ് വകുപ്പിൽ ഒരു ജോലി വാങ്ങി കൊടുക്കുകയും ചെയ്യുക.*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) എഴുതുന്നു: ഖാദിയാനിൽ നിഹാൽ ചന്ദ് എന്ന് പേരുള്ള ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. തന്റെ യൗവനകാലത്ത് പേരുകേട്ട വ്യവഹാരിയായിരുന്നു അയാൾ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തോട് പൊതുവേ എതിർപ്പുകൾ പ്രകടിപ്പിക്കുകയും കുഴപ്പങ്ങൾ ഉണ്ടാക്കുകയും ചെയ്യുക എന്നത് അയാളുടെ പതിവായിരുന്നു. എന്നാൽ ആയുസ്സിന്റെ ഒടുവിലായപ്പോഴേക്കും അയാളുടെ സാമ്പത്തിക സ്ഥിതി അങ്ങേയറ്റം മോശമായിത്തീർന്നു. എത്രത്തോളമെന്നാൽ, ചിലപ്പോഴൊക്കെ തന്റെ ദൈനംദിന ആവശ്യങ്ങൾക്ക് പോലും അയാൾക്ക് കടുത്ത ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. ഒരിക്കൽ അയാൾ വാഗ്ദത്ത മസീഹ്(അ)ന്റെ പടിവാതിൽക്കൽ വന്ന് അങ്ങയെ കാണാൻ ആഗ്രഹം പ്രകടിപ്പിക്കുകയും തന്റെ അവസ്ഥ വിവരിക്കുകയും ചെയ്തു. അയാളെ സാന്ത്വനിപ്പിച്ചു കൊണ്ട് അവിടുന്ന് അയാൾക്ക് 25 രൂപ നൽകി. എന്നിട്ട് അരുളി: ആവശ്യം നേരിട്ടാൽ എന്നോട് പറയുക. പിന്നീട് ഇത് അയാളുടെ ഒരു പതിവായി മാറി. അയാൾ ഒന്നോ രണ്ടോ മാസങ്ങൾക്ക് ശേഷം വരികയും നല്ലൊരു തുക വാങ്ങിപ്പോകുകയും ചെയ്യുമായിരുന്നു. ഒരിക്കൽ അയാൾ ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ (റ)ൽ നിന്നും കടം വാങ്ങുകയുണ്ടായി. പിന്നീട് അദ്ദേഹം പണം തിരികെ ആവശ്യപ്പെട്ടപ്പോൾ അയാൾ പറഞ്ഞു: 'മിർസാജി (ഹദ്റത്ത് മസീഹ് മൗഊദ്) എനിക്ക് എപ്പോഴും പണം തരാറുണ്ട്, അതുകൊണ്ടാണ് എന്റെ ജീവിതം കഴിഞ്ഞു പോകുന്നത്. അവിടുന്ന് ഒരിക്കലും എന്നോട് പണം തിരികെ ചോദിച്ചിട്ടില്ല.' അതുകേട്ടപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ അവ്വലും(റ) അയാളുടെ കടം ഒഴിവാക്കിക്കൊടുത്തു.

ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു: വൈ.എം.സി.എ സെക്രട്ടറിയായിരുന്ന പാസ്റ്റർ വാൾട്ടർ സാഹിബ് എം.എ തന്റെ പുസ്തകത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെക്കുറിച്ച് ഇപ്രകാരമൊരു അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്:

'മീർസാ സാഹിബ് തന്റെ ശീലങ്ങളിൽ ലാളിത്യം പാലിക്കുകയും ഉദാരമായ വികാരങ്ങൾ വെച്ചുപുലർത്തുകയും ചെയ്യുന്ന ആളായിരുന്നു. തന്റെ എതിരാളികളിൽ നിന്നുള്ള കടുത്ത എതിർപ്പുകൾക്കും പീഡനങ്ങൾക്കും നേരെ അദ്ദേഹം പ്രകടിപ്പിച്ച ധാർമിക ധീരത തീർച്ചയായും പ്രശംസനീയമാണ്. ഒരു കാന്തിക ആകർഷണവും അങ്ങേയറ്റം ഹൃദ്യമായ സ്വഭാവഗുണങ്ങളും ഉള്ള ഒരു വ്യക്തിക്ക് മാത്രമേ, തങ്ങളുടെ വിശ്വാസം കാരണം അഫ്ഗാനിസ്ഥാനിൽവെച്ച് ജീവൻ ബലിയർപ്പിക്കേണ്ടി വന്നിട്ടും മീർസാ സാഹിബിന്റെ കൈകൾ കൈവിടാൻ തയ്യാറാകാതിരുന്ന രണ്ട് ശുദ്ധാത്മക്കളെപ്പോലെയുള്ള ആളുകളുടെ സൗഹൃദവും വിശ്വസ്തതയും നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. ഞാൻ ചില പഴയ അഹ്മദികളോട് അവർ അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള കാരണം ചോദിച്ചപ്പോൾ, അവരിൽ ഭൂരിഭാഗം പേരും ഏറ്റവും വലിയ കാരണമായി ചൂണ്ടിക്കാണിച്ചത് മീർസാ സാഹിബിന്റെ വ്യക്തിപരമായ സ്വാധീനത്തെയും ജനങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്ന അവിടുത്തെ കാന്തിക വ്യക്തിത്വത്തെയുമാണ്.'

ഹദ്റത്ത് മസീഹ് മൗഊദ് (അ) ആർക്കെങ്കിലും എന്തെങ്കിലും നൽകിയിരുന്നുവെങ്കിൽ അത് ഒരിക്കലും ഒരു പ്രകടനപരതയ്ക്ക് വേണ്ടിയായിരുന്നില്ല; മറിച്ച് കേവലം അല്ലാഹുവിന്റെ പ്രീതിയും ദൈവസൃഷ്ടികളോടുള്ള കാരുണ്യവും മുൻനിർത്തിയായിരുന്നു. അതുകൊണ്ടുതന്നെ, പൊതുവേ അവിടുന്ന് അങ്ങേയറ്റം രഹസ്യമായ രീതിയിലായിരുന്നു ദാനം നൽകിയിരുന്നത്. എന്നാൽ ചിലപ്പോഴൊക്കെ മറ്റുള്ളവർക്ക് ഒരു പ്രായോഗിക പാഠം പകർന്നു നൽകുന്നതിനായി പരസ്യമായും നൽകാറുണ്ടായിരുന്നു. ചോദിക്കുന്നവന്റെ ആവശ്യത്തെ നിരസിക്കാതിരിക്കുക എന്നതായിരുന്നു അങ്ങയുടെ ശീലം. മാത്രമല്ല, ചില ആളുകളുടെ ആവശ്യങ്ങൾ സ്വയം മനസ്സിലാക്കിക്കൊണ്ട്, അവർ ചോദിക്കുന്നതിന് മുൻപ് തന്നെ അവരെ സഹായിക്കുകയും ചെയ്തിരുന്നു.

1904-ൽ ഒരിക്കൽ, ഒരു മുഖ്‌ലിസായ മുഹാജിറിന് അവിടുന്ന് അല്പം പണം നൽകിക്കൊണ്ട് അരുളി: ഇത് ശൈത്യകാലമാണ്, താങ്കൾക്ക് വസ്ത്രങ്ങളുടെ ആവശ്യമുണ്ടാകും. യഥാർത്ഥത്തിൽ അദ്ദേഹം യാതൊന്നും ആവശ്യപ്പെട്ടിരുന്നില്ല. അവിടുന്ന് ആളുകൾക്ക് നൽകിയിരുന്നത് വളരെ രഹസ്യമായിട്ടായിരുന്നു, അതിൽ സുഹൃത്തെന്നോ ശത്രുവെന്നോ ഉള്ള യാതൊരു വിവേചനവും ഉണ്ടായിരുന്നില്ല.

ശൈഖ് ഫത്ഹ് മുഹമ്മദ് സാഹിബ് പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) സന്നിധിയിൽ ഹാജരാകുമ്പോഴൊക്കെ, അവിടുന്ന് എപ്പോഴും എന്റെ യാത്രാക്കൂലി നൽകാൻ തയ്യാറാകുമായിരുന്നു. എനിക്ക് അതിന്റെ ആവശ്യം ഇല്ലായിരുന്നെങ്കിൽ പോലും, അവിടുത്തെ ഉദാരവായ്പിന്റെ ആത്മാവ് എത്രമേൽ മഹത്തരമായിരുന്നുവെന്നാൽ ചോദിക്കാതെ തന്നെ അവിടുന്ന് എപ്പോഴും പണം വെച്ചുനീട്ടുമായിരുന്നു. ഇത് എന്നോട് മാത്രം ചെയ്തൊരു കാര്യമായിരുന്നില്ല, മറിച്ച് മിക്ക ആളുകൾക്കും അവിടുന്ന് ഇപ്രകാരം നൽകാറുണ്ടായിരുന്നു. സിറിയയിൽ നിന്നും അറബ് നാടുകളിൽ നിന്നും ചില ആളുകൾ വരാറുണ്ടായിരുന്നു; അവർ വളരെ ദൂരദേശങ്ങളിൽ നിന്നും വന്നവരായതുകൊണ്ട് തന്നെ വാഗ്ദത്ത മസീഹ് (അ) അവർക്ക് പലപ്പോഴും യാത്രാച്ചെലവുകൾക്കായി വലിയ തുകകൾ നൽകുമായിരുന്നു. ചിലപ്പോഴൊക്കെ ആളുകൾ നേരിട്ട് ചോദിക്കാതെ കുറിപ്പ് എഴുതി നൽകാറുണ്ടായിരുന്നു. അവൻ എന്തെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ഹദ്റത്ത് അഖ്ദസ് (അ) വീടിനകത്തുനിന്ന് ചോദിച്ചയാൾക്ക് വേണ്ടി എന്തെങ്കിലും കൊടുത്തയക്കുമ്പോഴോ, അകത്തേക്ക് പോകുന്ന സമയത്ത് 'താങ്കൾ ഇവിടെയിരിക്കൂ, ഞാൻ ഇപ്പോൾ വരാം' എന്ന് പറയുമ്പോഴോ മാത്രമാണ് മറ്റുള്ളവർ വിവരം അറിയുന്നത്. വാഗ്ദത്ത മസീഹ് (അ) മടങ്ങിവരുമ്പോഴാണ് ആ ചോദിച്ച വ്യക്തിക്ക് ആവശ്യമായ പണമോ വസ്ത്രമോ എടുത്തുകൊണ്ടാണ് വരുന്നത് എന്ന് മനസ്സിലാക്കാൻ സാധിച്ചിരുന്നത്

പ്രവാചകത്വ വാദത്തിന് മുൻപുള്ള കാലഘട്ടത്തിൽ, അങ്ങയുടെ സഹോദരന്റെ വിവാഹവേളയിൽ അവർ കുറച്ച് ആടുകളെ വരുത്തുകയുണ്ടായി. നംഗൽ ബാഗ്ബാനയിൽ നിന്നുള്ള ഒരാളായിരുന്നു അവയെ മേയ്ച്ചിരുന്നത്. ഒരിക്കൽ ഹസൂർ (അ) നടക്കാനിറങ്ങിയപ്പോൾ വഴിയിൽ വെച്ച് ഈ വ്യക്തിയെ കാണാനിടയായി. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ മകനും ഉണ്ടായിരുന്നു; എന്നാൽ അവൻ നഗ്നപാദനായിരുന്നു. ഹസൂർ(അ) അവനെ നോക്കിക്കൊണ്ട് പറഞ്ഞു: *മിയാൻ, നീ ചെരിപ്പിടാതെ നടക്കുകയാണല്ലോ, നിന്റെ കാലുകളിൽ മുള്ളുകൾ തറയ്ക്കുന്നില്ലേ?* പറഞ്ഞു: 'ഹുസൂർ! എന്റെ പക്കൽ ചെരിപ്പില്ല.' അവിടുന്ന് ഉടൻ തന്നെ തന്റെ ചെരിപ്പുകൾ അഴിച്ചുമാറ്റി അവനെ ധരിപ്പിച്ചു. അവൻ സ്നേഹപൂർവ്വം അത് നിരസിക്കാൻ ശ്രമിച്ചപ്പോൾ അവിടുന്ന് അരുളി: ഇല്ല! നീയിത് ധരിക്കുകയും ഉപയോഗിക്കുകയും ചെയ്യുക. തുടർന്ന് അവിടുന്ന് നഗ്നപാദനായി തന്നെ തിരികെ വീട്ടിലേക്ക് നടന്നുപോന്നു. ആ സമയത്ത് അങ്ങയുടെ പ്രായം വെറും ഇരുപതോ മുപ്പതോ വയസ്സ് മാത്രമായിരുന്നു.

തന്റെ നേതാവും യജമാനരുമായ നബിതിരുമേനി(സ)യെ പൂർണമായി അനുധാവനം ചെയ്തുകൊണ്ട് ഔദാര്യത്തിന്റെയും ദാനശീലത്തിന്റെയും ഉദാത്ത പ്രതീകമായിരുന്നു വാഗ്ദത്ത മസീഹ് (അ). എങ്കിലും ചിലപ്പോഴൊക്കെ, ചില യുക്തിയും ഔചിത്യവും മുൻനിർത്തി ചോദിക്കുന്നവർക്ക് നൽകുന്നതിൽ നിന്നും അവിടുന്ന് വിട്ടുനിന്നതായും നമുക്ക് കാണാൻ സാധിക്കും.

ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) എഴുതുന്നു: 1889-ൽ അവിടുന്ന് ലുധിയാനയിൽ ഉണ്ടായിരുന്ന സമയത്ത് ഒരു യാചകൻ അവിടുത്തെ സന്നിധിയിൽ വന്ന് പറഞ്ഞു: എന്റെ ഒരു ബന്ധു മരണപ്പെട്ടിരിക്കുന്നു. അവന്റെ ശവസംസ്കാര ആവശ്യങ്ങൾക്കായി എന്റെ പക്കൽ യാതൊന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖാളി ഖ്വാജാ അലി സാഹിബ് (റ) നോട് നിർദ്ദേശിച്ചു: താങ്കൾ ഇദ്ദേഹത്തോടൊപ്പം പോവുകയും കഫൻ ചെയ്യാനുള്ള ഏർപ്പാട് ഒരുക്കിക്കൊടുക്കുകയും ചെയ്യുക. പൊതുവേ ഹസൂർ (അ)-ന്റെ ശീലം ഇപ്രകാരമായിരുന്നില്ല, മറിച്ച് ചോദിച്ചയാൾക്ക് നേരിട്ട് പണം നൽകുകയായിരുന്നു പതിവ്. ഖാളി സാഹിബ് ആ വ്യക്തിയോടൊപ്പം പുറപ്പെട്ടു; എന്നാൽ കുറച്ചു സമയത്തിന് ശേഷം അദ്ദേഹം ചിരിച്ചുകൊണ്ട് മടങ്ങിവന്നു. അദ്ദേഹം പറഞ്ഞു: അയാൾ എന്നോട് വളരെ വിനയത്തോടും മുഖസ്തുതി

യോടും പെരുമാറാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു:താങ്കൾ കൂടെ വരേണ്ടതില്ല, എനിക്ക് നൽകാനുള്ളത് ഇവിടെവെച്ച് തന്നെ നൽകിയേക്കൂ. ഞാൻ പറഞ്ഞു: ഇല്ല! എനിക്ക് ഇപ്രകാരമാണ് കൽപ്പന ലഭിച്ചിട്ടുള്ളത്. അപ്പോൾ അയാൾ പറഞ്ഞു: യഥാർത്ഥത്തിൽ ആരും മരിച്ചിട്ടുമില്ല, ശവസംസ്കാരത്തിന്റെ ആവശ്യവുമില്ല. ഇത് എന്റെ ഒരു തൊഴിലാണ്. ഇപ്പോൾ എന്റെ മാനം കെടുത്തരുത് എന്ന് പറഞ്ഞുകൊണ്ട് അയാൾ അവിടെനിന്നും സ്ഥലം വിട്ടു.

കുട്ടികളുടെ ആഗ്രഹങ്ങൾക്കനുസരിച്ചും വാഗ്ദത്ത മസീഹ് (അ) അവർക്ക് നൽകാറുണ്ടായിരുന്നു. ഖാദിയാനിലെ ഹക്കീം മുഹമ്മദ് ഉമർ സാഹിബിന്റെ പത്നിയായ അസീസ് ബീഗത്തിന്റെ മാതാവ് ബീബി റാണി വിവരിക്കുന്നു: ഞാൻ 1901-ൽ കത്തു മുഖേനയാണ് ബൈഅത്ത് ചെയ്തത്. 1902-ൽ ഞാൻ ഖാദിയാനിൽ വന്നപ്പോൾ എന്റെ ചെറിയ മകളും കൂടെയുണ്ടായിരുന്നു. വാഗ്ദത്ത മസീഹ് (അ) രാവിലെ ഉലാത്താനായി തോട്ടത്തിന്റെ ഭാഗത്തേക്ക് പോകാറുണ്ടായിരുന്നു. മിക്കപ്പോഴും ഞാനും കൂടെ പോകാറുണ്ടായിരുന്നു. ഒരുദിവസം രാവിലെ വാഗ്ദത്ത മസീഹ് (അ) ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഞാനും അവിടെ ചെന്നു. അപ്പോൾ എന്റെ ചെറിയ മകൾ കരയാൻ തുടങ്ങി. അവിടുന്ന് ചോദിച്ചു: *ഇവൾ എന്ത് പറഞ്ഞാണ് കരയുന്നത്?* ഞാൻ പറഞ്ഞു: ചപ്പാത്തിക്കുവേണ്ടി ചോദിക്കുകയാണ്. അവിടുന്ന് അവൾക്ക് ചപ്പാത്തി നൽകിയെങ്കിലും അവൾ കരച്ചിൽ നിർത്തിയില്ല. അങ്ങ് വീണ്ടും ചോദിച്ചു: *ഇനി ഇവൾ എന്താണ് പറയുന്നത്?* ഞാൻ പറഞ്ഞു: ഹുസൂർ കഴിച്ചുകൊണ്ടിരിക്കുന്ന ആ ചപ്പാത്തി തന്നെ വേണമെന്നാണ് ഇവൾ പറയുന്നത്. ഉടൻ തന്നെ ഹസൂർ (അ) താൻ കഴിച്ചുകൊണ്ടിരുന്ന ആ ചപ്പാത്തി അവൾക്ക് നൽകി. അതോടെ അവൾ കരച്ചിൽ നിർത്തുകയും സന്തോഷത്തോടെ അത് തിന്നാൻ തുടങ്ങുകയും ചെയ്തു.

ഹസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി: കഴിഞ്ഞ ഖുതുബയിൽ ലങ്കറിന്റെ ചെലവുകൾ വർദ്ധിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് അമ്മാ ജാൻ (റ)ന്റെ ആഭരണങ്ങൾ വിറ്റ് ആ ചെലവ് നികത്തിയ ഒരു സംഭവം ഞാൻ വിവരിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് കഴിഞ്ഞ ആഴ്ച ഒരാൾ എന്നോട് ചോദിക്കുകയുണ്ടായി, ആവശ്യം വരുമ്പോൾ ഭാര്യയുടെ ആഭരണങ്ങൾ ഭർത്താവിന് ഉപയോഗിക്കാനും ചെലവഴിക്കാനും അനുവാദമുണ്ടോ എന്ന്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കടം വാങ്ങുകയും അത് കൃത്യമായി തിരികെ നൽകകുയും ചെയ്യാറുണ്ടായിരുന്നുവെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു റിവായത്തുണ്ട് . ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ്(റ) പ്രസ്താവിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനിൽ നിന്നും പണം കടമായി വാങ്ങുകയുണ്ടായി. അത് ഉപയോഗിച്ച് ഗോതമ്പ് വാങ്ങുകയും ലങ്കറിന്റെയും വീടിന്റെയും ചെലവുകൾ നികത്തുകയും ചെയ്തു. കാരണം ഭക്ഷണത്തിന്റെ വലിയൊരു പങ്ക് അങ്ങയുടെ വീട്ടിൽ നിന്നുതന്നെയായിരുന്നു പാകം ചെയ്തിരുന്നത്. പിന്നീട് അവിടുന്ന് ചൗധരി റുസ്തം അലി സാഹിബിൽ നിന്ന് 500 രൂപയും കുറച്ച് ഭരണികളിൽ നെയ്യും വരുത്തുകയും ഹസ്രത്ത് അമ്മാ ജാൻ (റ)ന്റെ കടം പൂർണ്ണമായി വീട്ടുകയും ചെയ്തു.

മറ്റൊരു സംഭവം ഭക്ഷണത്തിലെ ബർക്കത്തിനെക്കുറിച്ചുള്ളതാണ്. ഹദ്റത്ത് മിയാൻ അബ്ദുള്ള സാഹിബ് സന്നൗരി (റ) പറയുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കുറച്ച് അതിഥികൾക്കായി ഒരു വിരുന്ന് ഒരുക്കി. എന്നാൽ ഭക്ഷണസമയമായപ്പോഴേക്കും അത്ര തന്നെ പുതിയ അതിഥികൾ കൂടി അവിടെ എത്തിച്ചേർന്നു. അപ്പോൾ ഹദ്റത്ത് അമ്മാ ജാൻ (റ) പറഞ്ഞു: 'ഭക്ഷണം എങ്ങനെയെങ്കിലും ഒപ്പിച്ചുണ്ടാക്കാം , എന്നാൽ മധുരച്ചോറ് വളരെ കുറവാണ്; അത് അവർക്ക് കൊടുക്കാൻ തികയില്ല. വാഗ്ദത്ത മസീഹ് (അ) അരുളി: *ഇല്ല! അത് ശരിയല്ല. നിങ്ങൾ ആ മധുരച്ചോറിന്റെ പാത്രം എന്റെയടുക്കൽ കൊണ്ടുവരൂ.* അവിടുന്ന് ആ പാത്രത്തിന്മേൽ ഒരു തൂവാല ഇടുകയും, അതിനു താഴെക്കൂടികൈ കൊണ്ടുവന്ന് തന്റെ വിരലുകൾ മധുരച്ചോറിൽ മുട്ടിക്കുകയും ചെയ്തു. തുടർന്ന് അരുളി: *ഇനി എല്ലാവർക്കും ഭക്ഷണം വിളമ്പിക്കൊള്ളൂ.* ആ ഭക്ഷണം അതിഥികൾക്ക് മുന്നിൽ സമർപ്പിച്ചപ്പോൾ എല്ലാവരും വയറുനിറയെ കഴിക്കുകയും, അതിനു ശേഷവും കുറച്ച് മധുരച്ചോറ് ബാക്കി വരികയും ചെയ്തു.

തന്റെ യജമാനനും നേതാവുമായ നബിതിരു

മേനി(സ)യെ പൂർണ്ണമായി അനുധാവനം ചെയ്തുകൊണ്ട് സ്വന്തക്കാരും അന്യരും എന്തിനേറെ ശത്രുക്കൾ പോലുംഒരുപോലെ അനുഗ്രഹം കരസ്ഥമാക്കിയ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഔദാര്യത്തിന്റെയും ദാനശീലത്തിന്റെയും ഉദാത്ത പ്രതീകങ്ങളായ ചില സംഭവങ്ങളാണിവ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِی الْقُرْبٰی وَ يَنْهٰی عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 10.07.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516